തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല

വാക്കാട്, മലപ്പുറം - 676 502
ഫോൺ: 0494 2631230

നം. 1042/2024/ഡി3/അഡ്മിൻ

തീയതി : 04.11.2026

ടെണ്ടർ നോട്ടീസ്

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവ്വകലാശാല - യു.പി.എസ്. ബാറ്ററികൾ ബൈബാക്ക് വ്യവസ്ഥയിൽ വിതരണം ചെയ്യുന്നതിന് ടെണ്ടറുകൾ ക്ഷണിക്കുന്നു.

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവ്വകലാശാല ലൈബ്രറി കെട്ടിടത്തിനായുള്ള ന്യൂമറിക് യു.പി.എസിന്റെ 07 **എണ്ണം** 65 Ah SMF **ബാറ്ററികളും**അക്കാദമിക കെട്ടിടത്തിനായുള്ള ഹൈകൺ യു.പി.എസിന്റെ 20 **എണ്ണം** 100 Ah Tubular **ബാറ്ററികളും** തിരിച്ചെടുത്ത്, **പുതിയ** 65 Ah SMF**ബാറ്ററികളും (07 എണ്ണം)** 100 Ah SMF/ Tubular **ബാറ്ററികളും (20 എണ്ണം)** വിതരണം ചെയ്ത് സ്ഥാപിച്ച് യു.പി.എസ്. പ്രവർത്തനക്ഷമമാക്കുന്നതിന് താഴെ പറയുന്ന നിബന്ധനകളോടെ അംഗീകൃത വിതരണക്കാരിൽ നിന്നുംസ്ഥാപനങ്ങളിൽ നിന്നും മുദ്രവച്ച ടെണ്ടറുകൾ ക്ഷണിക്കുന്നു.

നിബന്ധനകൾ

1. ജി.എസ്.ടി. നികുതി, ട്രാൻസ്പോർട്ടേഷൻ, ഇൻസ്റ്റലേഷൻ ചാർജ് എന്നിവയടക്കമുള്ള വിലയാണ് ക്വോട്ട് ചെയ്യേണ്ടത്. ബൈബാക്ക് വ്യവസ്ഥയിൽ തിരിച്ചെടുക്കുന്ന ബാറ്ററികളുടെ വില പ്രത്യേകം കാണിക്കുകയും, ആയതു കുറച്ചതിനുശേഷം സ്ഥാപനത്തിന് ലഭിക്കേണ്ട നികുതിയടക്കമുള്ള വിലയായിരിക്കണം ടെണ്ടറിൽ കാണിക്കേണ്ടത്.
2. ബാറ്ററിയുടെ ബ്രാൻഡ്, കപ്പാസിറ്റി, വാറണ്ടി കാലാവധി എന്നിവകാണിച്ചിരിക്കണം. ഏറ്റവും കുറഞ്ഞത് രണ്ട് (2) വർഷത്തെ ഓൺസൈറ്റ് വാറണ്ടി ഉണ്ടായിരിക്കണം.
3. പുതുതായി സ്ഥാപിക്കുന്ന ബാറ്ററിയുടെ സർവീസുകൾ പരാതി ലഭിച്ച് 24മണിക്കൂറിനുള്ളിൽ പരിഹരിച്ചിരിക്കണം.
4. ബാറ്ററി ഉൽപാദകരിൽനിന്നുള്ള ഡീലർഷിപ്പ് സർട്ടിഫിക്കറ്റ് ടെണ്ടറിനൊപ്പം ഹാജരാക്കണം.
5. ബാറ്ററി ശരിയായി പ്രവർത്തിക്കുന്നില്ലെങ്കിലോ മോശമെങ്കിലോ അവ എത്രയും പെട്ടെന്ന് മാറ്റി പകരം പുതിയ ബാറ്ററികൾ വിതരണം ചെയ്തു സ്ഥാപിക്കേണ്ടതാണ്. അത്തരം അവസരത്തിൽ ബാറ്ററിയുടെ വാറണ്ടി, ബാറ്ററി രണ്ടാം തവണ മാറ്റിയ ദിവസം മുതലായിരിക്കും കണക്കാക്കുക. ബാറ്ററി വിതരണം ചെയ്ത് സ്ഥാപിക്കുന്നതിന്റെ ചെലവ് വിതരണക്കാരൻ തന്നെ വഹിക്കേണ്ടതാണ്.
6. ടെണ്ടറുകൾക്ക് ഒരു വർഷത്തെ കാലാവധി ഉണ്ടായിരിക്കുന്നതാണ്. ആയതിനാൽ ക്വാട്ട് ചെയ്യുന്ന നിരക്കുകൾ ഒരു വർഷത്തേയ്ക്ക് ബാധകമായിരിക്കുന്നതാണ്.
7. ബാറ്ററികൾ വിതരണം ചെയ്ത് ഘടിപ്പിച്ച യു.പി.എസിന്റെ പ്രവർത്തനം പരിശോധിച്ച് തൃപ്തികരമായതിനുശേഷം മാത്രമേ തുകഅനുവദിക്കുകയുള്ളൂ.
8. കാരണമൊന്നും കാണിക്കാതെ തന്നെ ടെണ്ടറുകൾ നിരസിക്കുന്നതിനുള്ള അധികാരം വൈസ് ചാൻസലറിൽ നിക്ഷിപ്തമായിരിക്കും.
9. ടെണ്ടർ ഫോം ഫീസായി 500/-രൂപയുടേയും നിരതദ്രവ്യമായി മൊത്തം ബിൽ തുകയുടെ 1% വരുന്ന തുക (ചുരുങ്ങിയത് 1500/-രൂപ) യുടെയും മലയാള സരവകലാശാലയുടെ പേരിലെടുത്ത, തിരൂർ സ്റ്റേറ്റ് ബാങ്കിൽ മാറാവുന്ന , ഡിമാൻഡ് ഡ്രാഫ്റ്റുകൾ ടെണ്ടറിനൊപ്പം സമർപ്പിക്കേണ്ടതാണ്.

മേൽ കാണിച്ച നിബന്ധനകൾ പാലിച്ചുകൊണ്ട് ബാറ്ററികൾ വിതരണം ചെയ്തു കൊള്ളാമെന്നുള്ള സത്യപ്രസ്താവന ടെണ്ടറിനൊപ്പം വെച്ചിരിക്കണം. മുദ്ര വച്ച ടെണ്ടറുകൾ 20.11.2026 ന് ഉച്ചയ്ക്ക് 2 മണിക്ക് മുൻപായി സർവ്വകലാശാല ഓഫീസിൽ ലഭിച്ചിരിക്കണം.**"യു.പി.എസ്. ബാറ്ററികൾ വിതരണം ചെയ്യുന്നതിനുള്ള ടെണ്ടറുകൾ "** എന്ന് കവറിന്റെ പുറത്ത് രേഖപ്പെടുത്തിയിരിക്കണം. ടെണ്ടറുകൾ അന്ന് 3 മണിക്ക് തന്നെ തുറക്കുന്നതും, ഏറ്റവും കുറവ് സംഖ്യ ക്വാട്ട് ചെയ്ത സ്ഥാപനത്തിന് കരാർ ഉറപ്പിച്ച് നൽകുന്നതുമാണ്. ടെണ്ടറുകൾ അംഗീകരിക്കുന്നതിനും നിരസിക്കുന്നതിനുമുള്ള അധികാരം സർവ്വകലാശാല വൈസ് ചാൻസലറിൽ നിക്ഷിപ്തമായിരിക്കും. കരാർ ലഭിക്കുകയാണെ

ങ്കിൽ അനുമതി കത്ത് ലഭിച്ച് ഒരാഴ്ചയ്ക്കകം യു.പി.എസ്. ബാറ്ററികൾ വിതരണം ചെയ്ത് സ്ഥാപിക്കേണ്ടതാണ്.

കൂടുതൽ വിവരങ്ങൾ ഓഫീസിൽ നേരിട്ടോ, 0494-2631230 എന്ന നമ്പറിലോ, www.malayalam university.edu.in എന്ന വെബ്സൈറ്റിലോബന്ധപ്പെട്ടാൽ ലഭിക്കുന്നതാണ്.

രജിസ്ട്രാർ ഇൻ ചാർജ്ജ്

വി.സി. കാര്യാലയം / പി.എ. ടു രജിസ്ട്രാർ / ഫിനാൻസ് വിഭാഗം /മലയാളസർവ്വകലാശാല ഓഫീസ് നോട്ടീസ് ബോർഡ് / കമ്പ്യൂട്ടർ പ്രോഗ്രാമർ /മലയാളസർവ്വകലാശാല വെബ്സൈറ്റ് / ഫ്രണ്ട് ഓഫീസ് / എസ്റ്റേറ്റ് ഓഫീസർ /തിരൂർ മുനിസിപ്പാലിറ്റി ഓഫീസ് / വെട്ടം ഗ്രാമപഞ്ചായത്ത് ഓഫീസ് / നിറമരുതൂർ പഞ്ചായത്ത് ഓഫീസ് / ആഫീസ് രേഖ / കരുതൽ രേഖ

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല

വാക്കാട്, മലപ്പുറം • 676 502
ഫോൺ: 0494 2631230

ടെണ്ടർ ഫോറം

ടെണ്ടർ നമ്പർ	1042/2024/ഡി 3/അഡ്മിൻ
വിതരണം ചെയ്യേണ്ട സ്ഥലം	തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവകലാശാല
ടെണ്ടർ ഫീ	500 രൂപ
ഇ. എം.ഡി.(നിരതദ്രവ്യം–ഏറ്റവും കുറഞ്ഞത്)	1500 രൂപ
ടെണ്ടർ പ്രസിദ്ധീകരണ തീയതി	04 /11/2026
ടെണ്ടർ സമർപ്പണ ആരംഭ തീയതി	04/11/2026
ടെണ്ടർ സമർപ്പിക്കേണ്ട അവസാന തീയതി , സമയം	20/11 /2026
ടെണ്ടർ തുറക്കുന്ന തീയതിയും സമയവും	20/11/2026 ഉച്ചയ്ക്ക് 2 മണി
ടെണ്ടർ കാലാവധി	17 ദിവസം
സീൽഡ് ടെണ്ടർ സമർപ്പിക്കേണ്ട ഓഫീസ്	രജിസ്ട്രാർ മലയാളം സർവകലാശാല ,വാക്കാട് ,തിരൂർ , –676 502
വിതരണ കാലയളവ്	ടെണ്ടർ അംഗീകരിച്ച് 7 ദിവസത്തിനകം
ബന്ധപ്പെടാവുന്ന നമ്പർ	0494 2631230,9776789389
ടെണ്ടർ ഉള്ളടക്കം ചെയ്യേണ്ട രേഖകൾ	ടെണ്ടർ ,ടെണ്ടർ ഫോറം വില ഈടാക്കിയ രശീതി ,നിരതദ്രവ്യം ഈടാക്കിയ രശീതി

രജിസ്ട്രാർ ഇൻ ചാർജ്ജ്